©
കേരള സർക്കാർ
Government of Kerala
2015

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 4<br>Vol. IV | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2015 ജനുവരി 20<br>20th January 2015<br>1190 മകരം 6<br>6th Makaram 1190<br>1936 പൌഷം 30<br>30th Pousha 1936 | നമ്പർ<br>No. 3 |

## PART III

## Industrial Training Department

### വിജ്ഞാപനം

(സേവനാവകാശ നിയമം 2012 സെക്ഷൻ 3 പ്രകാരം)

നമ്പർ എ5/31369/11 DT. 2015 ജനുവരി 7.

സേവനാവകാശ നിയമം സംബന്ധിച്ച് ഈ വകുപ്പിൽ നിന്നും നൽകിവരുന്ന വിവിധ സേവനങ്ങളുടെ വിശദവിവരം പട്ടികയായി തയ്യാറാക്കി ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.കൾ, റിലേറ്റഡ് ഇൻസ്ട്രക്ഷൻസ് സെന്റർ (ആർ.ഐ.സി.), റീജിയണൽ ഡയറക്ടറേറ്റ് എന്നിവ ഈ വകുപ്പിന്റെ കീഴിൽ വരുന്നു. ഈ വകുപ്പിന്റെ വെബ്സൈറ്റ് ആയ www.det.kerala.gov.in-ൽ വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

## സേവനാവകാശ നിയമം

## വ്യാവസായിക പരിശീലന വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനം | അപേക്ഷകൻ സമർപ്പിക്കേണ്ട രേഖകൾ | സേവനം ലഭ്യമാക്കുന്ന സമയപരിധി | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | 1-ാം അപ്പലേറ്റ് അതോറിറ്റി | 2-ാം അപ്പലേറ്റ് അതോറിറ്റി |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | ട്രേഡ് ടെസ്റ്റുകളിൽ വിജയിച്ച ട്രെയിനികൾക്കുള്ള പ്രൊവിഷണൽ സർട്ടിഫിക്കറ്റ് വിതരണം | | റിസൾട്ട് പ്രഖ്യാപിച്ച തീയതി മുതൽ 60 ദിവസം | പ്രിൻസിപ്പാൾ/ ട്രെയിനിംഗ് ഓഫീസർ | അഡീഷണൽ ഡയറക്ടർ | ട്രെയിനിംഗ് ഡയറക്ടർ |
| 2 | ട്രേഡ് ടെസ്റ്റുകളിൽ വിജയിച്ച ട്രെയിനികൾക്കുള്ള സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് വിതരണം | | പ്രൊവിഷണൽ സർട്ടിഫിക്കറ്റ് വിതരണം നടത്തി 180 ദിവസം | പ്രിൻസിപ്പാൾ | അഡീഷണൽ ഡയറക്ടർ | ട്രെയിനിംഗ് ഡയറക്ടർ |
| 3 | ഡ്യൂപ്ലിക്കേറ്റ് പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് വിതരണം | **(എ) സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുകയാണെങ്കിൽ**<br>1. അനുബന്ധം II പ്രകാരമുള്ള അപേക്ഷ<br>2. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട സ്ഥലത്തെ അതിർത്തി പോലീസ് അധികാരിയുടെ സർട്ടിഫിക്കറ്റ് (സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ആയിരിക്കണം. ടി സർട്ടിഫിക്കറ്റിൽ ഏത് സ്ഥലത്തുവച്ചാണ് നഷ്ട പ്പെട്ടതെന്ന് വ്യക്തമായും രേഖപ്പെടുത്തിയിരിക്കണം. കൂടാതെ പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്താൻ സാധിച്ചിട്ടി ല്ലായെന്നും രേഖപ്പെടുത്തി യിരിക്കണം).<br>3. ₹ 100 വിലയുള്ള മുദ്രപത്ര ത്തിൽ ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ അപേക്ഷകൻ തയ്യാറാക്കിയ സത്യവാങ്മൂലം സമർപ്പിക്കണം (ടി സത്യവാങ്മൂലത്തിൽ എപ്രകാരമാണ് സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതെന്നും ഏത് സ്ഥലത്ത് വച്ചാണ് നഷ്ടപ്പെട്ടതെന്നും വ്യക്തമാക്കിയിരിക്കണം. ടി സർട്ടിഫിക്കറ്റ് ഏതെങ്കിലും സാഹചര്യത്തിൽ തിരികെ ലഭിക്കുകയാണെങ്കിൽ ട്രെയിനിംഗ് ഡയറക്ടർ മുമ്പാകെ തിരികെ നൽകാമെന്നും രേഖപ്പെടുത്തണം). | അപേക്ഷകൻ ട്രേഡ് ടെസ്റ്റ് വിജയിച്ചത് 10 വർഷത്തിനുള്ളി ലാണെങ്കിൽ<br><br>ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് അപേക്ഷ ലഭിച്ച് 90 ദിവസം<br><br>അപേക്ഷകൻ ട്രേഡ് ടെസ്റ്റ് വിജയിച്ചത് 10 വർഷത്തിന് മുമ്പുള്ള താണെങ്കിൽ<br><br>ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് അപേക്ഷ ലഭിച്ച് 180 ദിവസം. | പ്രിൻസിപ്പാൾ | അഡീഷണൽ ഡയറക്ടർ | ട്രെയിനിംഗ് ഡയറക്ടർ |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| | | 4. നഷ്ടപ്പെട്ടുപോയ സർട്ടിഫിക്കറ്റ് കണ്ടെത്താൻ നൽകിയ പത്രപരസ്യ ത്തിന്റെ അസ്സൽ പതിപ്പ് ഹാജരാക്കണം. ടി പത്രപരസ്യ ത്തിൽ സർട്ടിഫിക്കറ്റ് നമ്പർ, നഷ്ടപ്പെട്ടുപോയ സ്ഥലം, കണ്ടെത്തുകയാണെങ്കിൽ 30 ദിവസത്തിനകം മേൽവിലാസ ത്തിൽ നൽകണം എന്നിവ രേഖപ്പെടുത്തിയിരിക്കണം. പത്രപരസ്യം നൽകി 30 ദിവസം കഴിഞ്ഞ ശേഷം മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ.<br><br>5. ഒന്നു മുതൽ നാല് വരെയുള്ള രേഖകളിൽ ട്രെയിനിയുടെ പേര്, രക്ഷകർത്താവിന്റെ പേര്, പഠിച്ച സ്ഥാപനത്തിന്റെ പേര്, പഠിച്ച ട്രേഡ്, വിജയിച്ച റോൾ നമ്പർ, വിജയിച്ച ട്രേഡ് ടെസ്റ്റിന്റെ വിവരം, കളവ് പോയ സർട്ടിഫിക്കറ്റ് നമ്പർ എന്നിവ രേഖപ്പെടുത്തിയിരിക്കണം.<br><br>6. നിശ്ചിത തുക ഒടുക്കിയ ട്രഷറി ചെലാന്റെ അസ്സൽ.<br><br>**(ബി) പ്രകൃതിക്ഷോഭം, തീ പിടുത്തം, ചിതലരിക്കുക എന്നിവ മൂലം സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുകയാണെങ്കിൽ**<br><br>1. അനുബന്ധം II പ്രകാരമുള്ള അപേക്ഷ<br>2. സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടത് മുകളിൽ പറഞ്ഞിരിക്കുന്ന കാരണത്താലാണെന്നുള്ള റവന്യൂ അധികാരികളുടെ സർട്ടിഫിക്കറ്റ്, തഹശീൽദാർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനിൽ നിന്നുവേണം ടി സർട്ടിഫിക്കറ്റ് വാങ്ങേണ്ടത്.<br><br>3. കേരള സർക്കാരിന്റെ ₹ 100 വിലയുള്ള മുദ്രപത്രത്തിൽ ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ അപേക്ഷകൻ തയ്യാറാക്കിയ സത്യവാങ്മൂലം സമർപ്പിക്കണം. (മുകളിൽ പറഞ്ഞിട്ടുള്ള സാഹചര്യത്തി ലാണ് ടി സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടതെന്ന് വ്യക്തമാക്കിയിരിക്കണം).<br><br>4. കേടുപാടുകൾ സംഭവിച്ച സർട്ടിഫിക്കറ്റിന്റെ ഭാഗങ്ങൾ അപേക്ഷയോടൊപ്പം സമർപ്പി ക്കുകയാണെങ്കിൽ റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റും സത്യവാങ്മൂലവും ആവശ്യമില്ല. | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | മുകളിൽ പറഞ്ഞിട്ടുള്ള ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾ ലഭിക്കാൻ സമർപ്പിക്കുന്ന രേഖകൾ അടങ്ങിയ അപേക്ഷ പഠിച്ചിരുന്ന സ്ഥാപനം മുഖാന്തിരമാണ് സമർപ്പിക്കേണ്ടത്. | | | | |
| 4 | വകുപ്പ് വിതരണം നടത്തുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത സാക്ഷ്യപ്പെടുത്തുന്നത് | സാക്ഷ്യപ്പെടുത്തൽ ആവശ്യമുള്ള സ്ഥാപനങ്ങളിൽ നിന്നുള്ള അപേക്ഷയും സർട്ടിഫിക്കറ്റിന്റെ വ്യക്തമായ പകർപ്പും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസും | **(എ) അപേക്ഷകൻ ട്രേഡ് ടെസ്റ്റ് വിജയിച്ചത് 10 വർഷത്തിനുള്ളിലാണെങ്കിൽ** ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് അപേക്ഷ ലഭിച്ച് 30 ദിവസം **(ബി) അപേക്ഷകൻ ട്രേഡ് ടെസ്റ്റ് വിജയിച്ചത് 10 വർഷത്തിന് മുമ്പാണെങ്കിൽ** ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് അപേക്ഷ ലഭിച്ച് 90 ദിവസം | അഡീഷണൽ ഡയറക്ടർ | ട്രെയിനിംഗ് ഡയറക്ടർ | ലേബർ സെക്രട്ടറി |
| 5 | ഐ. ടി. ഐ. കളിൽ നിന്ന് ട്രെയിനികൾക്കുള്ള ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വിതരണം | നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റോടുകൂടിയ അപേക്ഷ | പൂർണ്ണമായ അപേക്ഷ ലഭിച്ച് 5 ദിവസം | പ്രിൻസിപ്പാൾ | ജോയിന്റ് ഡയറക്ടർ | അഡീഷണൽ ഡയറക്ടർ |
| 6 | ഐ. ടി. ഐ. കളിൽ നിന്ന് ട്രെയിനികൾക്കുള്ള ഡ്യൂപ്ലിക്കേറ്റ് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് വിതരണം | സർട്ടിഫിക്കറ്റ് തിരികെ കിട്ടാനിടയില്ലാത്ത വിധം നഷ്ടപ്പെട്ടു എന്നുള്ള നോട്ടറി പബ്ലിക്കിന്റെയോ പോലീസിന്റെയോ സർട്ടിഫിക്കറ്റും പത്രപരസ്യം എന്നിവ ചേർത്തുള്ള അപേക്ഷ | **ട്രെയിനി പഠിച്ചിരുന്ന കാലയളവ് 5 വർഷത്തിനുള്ളിലാണെങ്കിൽ** പൂർണ്ണമായ അപേക്ഷ ലഭിച്ച് 7 ദിവസത്തിനകം **ട്രെയിനി പഠിച്ചിരുന്ന കാലയളവ് 10 വർഷത്തിന് മുകളിലാണെങ്കിൽ** പൂർണ്ണമായ അപേക്ഷ ലഭിച്ച് 20 ദിവസം | പ്രിൻസിപ്പാൾ | ജോയിന്റ് ഡയറക്ടർ | അഡീഷണൽ ഡയറക്ടർ |

(ഒപ്പ്)

ഡയറക്ടർ ഓഫ് ട്രെയിനിംഗിനുവേണ്ടി.